പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3015

20.12.2012 ൽ മറുപടിയ്ക്ക്

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ റവന്യൂ പുറംപോക്ക് ഭൂമി

ചോദ്യം — ഉത്തരം

ശ്രീ.കെ.ദാസൻ — ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ റവന്യൂ രേഖകളിൽ പുറംപോക്ക്, പുഴപുറംപോക്ക് ഭൂമിയായി രേഖപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമാണെന്നും ആയത് ഏത് വില്ലേജുകളിലാണെന്നും വിശദമാക്കുമോ ; | എ) | ഇരിങ്ങൽ വില്ലേജിലെ ഇരിങ്ങൽ ദേശത്ത് റീ.സ.1/1, 15, 175 എന്നീ ഭൂമികളാണ് പുറമ്പോക്ക്, പുഴ പുറമ്പോക്ക് ഭൂമിയായി റവന്യൂ രേഖകളിൽ ഉള്ളത്. |
| ബി) | പുറംപോക്ക്, പുഴപുറംപോക്ക് പ്രദേശങ്ങളിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ജനവാസമുള്ളതെന്നും പ്രസ്തുത പ്രദേശങ്ങൾ ഏത് വില്ലേജുകളിലാണ് എന്നും വ്യക്തമാക്കാമോ ; | ബി) | ഇരിങ്ങൽ വില്ലേജിലെ കോട്ടക്കടപ്പുറം എന്ന പ്രദേശം |
| സി) | കൊയിലാണ്ടിയിൽപ്പെടുന്ന കോട്ടകടപ്പുറം പ്രദേശം ഏത് വില്ലേജിൽപെടുന്നതാണെന്ന് വ്യക്തമാക്കുമോ ; | സി) | ഇരിങ്ങൽ വില്ലേജ് |
| ഡി) | ഇവിടെ നൂറോളം കുടുംബങ്ങൾ പതിറ്റാണ്ടുകളായി താമസിക്കുന്നുണ്ട് എന്നതും ഇവരിൽ ഭൂരിഭാഗത്തിനും പട്ടയം ലഭിച്ചിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം സംബന്ധിച്ച് പ്രദേശത്തെ ജനങ്ങൾ പ്രക്ഷോഭം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | ഇവിടെ ധാരാളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പ്രസ്തുത പ്രശ്നം സംബന്ധിച്ച് പ്രദേശത്തെ ജനങ്ങൾ പ്രക്ഷോഭം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | പട്ടയം ലഭിക്കാതെ ബുദ്ധിമുട്ടുന്ന ഇവിടത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്നത് വ്യക്തമാക്കുമോ; | ഇ) & എഫ്) | നിലവിലുള്ള നിയമ പ്രകാരം പുഴ പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകാൻ നിർവ്വാഹമില്ലാത്തതിനാൽ അപേക്ഷിച്ചവർക്കും അർഹരായ കുടുംബങ്ങൾക്കും കൈവശരേഖ അനുവദിച്ചിരുന്നു. ജനപ്രതിനിധികളെ ഉൾപ്പെടുത്തി കളക്ടറേറ്റിൽ മേൽ വിഷയം സംബന്ധിച്ച സിറ്റിംഗ് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| എഫ്) | ഇവർക്ക് പട്ടയം ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; പ്രസ്തുത പ്രശ്നം പരിശോധിക്കാൻ കളക്ട്രേറ്റിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു സിറ്റിംഗ് നടത്താൻ തയ്യാറാകുമോ ? | | |

Kijeem
സെക്ഷൻ ഓഫീസർ